Circular No: SBV 24/2019-21

# സമസ്ത കേരള സുന്നി ബാലവേദി

(Under: സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ സെൻട്രൽ കൗൺസിൽ)
സമസ്താലയം, ചേളാരി, പി.ഒ. തേഞ്ഞിപ്പലം, മലപ്പുറം - 673 636. ഫോൺ: 0494 2400530, 2400749
**website: www.sksbv.in, Email: sksbvstate@gmail.com**

***സുന്നി ബാലവേദി സംസ്ഥാന കമ്മിറ്റിയിൽ നിന്ന് ജില്ല, റെയ്ഞ്ച്, മദ്റസ യൂണിറ്റ് ജംഇയ്യത്തുൽ മുഅല്ലിമീൻ, സുന്നി ബാലവേദി എന്നിവയുടെ ഭാരവാഹികളെ അറിയിക്കുന്നത്.***

മാന്യരെ, അസ്സലാമു അലൈക്കും.

## ജല സംരക്ഷണ കാമ്പയിൻ

2021 മാർച്ച് 01 മുതൽ ഏപ്രിൽ 30 കൂടിയ തിയതികളിൽ **"കരുതിവെക്കാം ജീവന്റെ തുള്ളികൾ; നാളെക്കായ്''** എന്ന പ്രമേയത്തിൽ നാം ജല സംരക്ഷണ കാമ്പയിൻ ആചരിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ജലമലിനീകരണവും കാലാവസ്ഥ വ്യതിയാനവും മൂലം ഗൗരവതരമായ ജല ദൗർലഭ്യം അനുഭവിക്കുമ്പോഴും ജലം നാം അമിതവ്യയം ചെയ്യുകയും പാഴാക്കുകയുമാണ്. ഈ വിഷയം വിദ്യാർഥികൾക്കിടയിൽ ചർച്ച ചെയ്യേണ്ടതും ആവശ്യമായ ബോധവൽക്കരണവും ജലസംരക്ഷണ പ്രവർത്തനങ്ങളും നടത്തേണ്ടതുമാണ്. അതിനാൽ മാർച്ച് 01-ന് നമ്മുടെ മുഴുവൻ മദ്റസകളിലും താഴെ പറയും വിധം കോവിഡ് 19 പ്രോട്ടോക്കോൾ പാലിച്ചും, നിയന്ത്രണങ്ങൾക്ക് വിധേയമായും പരിപാടികൾ നടത്തണമെന്ന് അഭ്യർത്ഥിക്കുന്നു. പ്രസ്തുത പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം ഫെബ്രുവരി 28 ന് തൃശൂർ ജില്ലയിൽ നടക്കുന്നതാണ്.

* **സഹ ജീവികൾക്കൊരു നീർ കുടം:** വേനൽ ചൂടിൽ നിന്ന് രക്ഷ നേടാൻ പറവകൾക്കും മറ്റു ജീവജാലങ്ങൾക്കും വെള്ളം കിട്ടാൻ ആവശ്യമായ രീതിയിൽ മദ്റസ,വീട് പരിസരങ്ങളിലും മറ്റു സൗകര്യപ്രദമായ സ്ഥലങ്ങളിലും നീർ കുടം സ്ഥാപിക്കുക.

* **പോസ്റ്റർ പ്രദർശനം:** താഴെ കൊടുത്ത വാക്യങ്ങൾ ഒരു ആർട്ട് പേപ്പറിൽ (ഫ്ളക്സ് ബോർഡ് ഉപേക്ഷിക്കുക) വൃത്തിയായി എഴുതി മദ്റസാപരിസരത്തും അങ്ങാടികളിലും ആളുകൾ കൂടുന്ന മറ്റിടങ്ങളിലും സൗകര്യപ്രദമായ രീതിയിൽ പ്രദർശിപ്പിക്കേണ്ടതാണ്.

- **നിറഞ്ഞൊഴുകുന്ന പുഴയിൽ നിന്ന് വുളൂഅ് ചെയ്യുകയാണെങ്കിലും മിതത്വം പാലിക്കുക. (മുഹമ്മദ് നബി(സ))**
- **ജലം അമൂല്യമാണ്. അത് പാഴാക്കരുത്....**
- **മരവും വനവും സംരക്ഷിക്കുക. അതുവഴി മഴയും ജലവും സംരക്ഷിക്കപ്പെടും...**
- **ദാഹിച്ച് നിൽക്കുന്ന മനുഷ്യന് ഒരു ചാക്ക് സ്വർണത്തേക്കാൾ വലുതാണ് ജലം.**
- **ദാഹിച്ചു പരവശനായ നായക്ക് വെള്ളം നൽകിയ കാരണത്താൽ ദുർനടപ്പുകാരിയായ സ്ത്രീ സ്വർഗാവകാശിയായി..!**
- **പാഴായിപ്പോകുന്ന ഓരോ തുള്ളി ജലത്തിന്നും വില പറയാനാവില്ല; അത് തിരിച്ചുകൊണ്ടുവരുവാനും...**
- **ഇനിയൊരു മഹായുദ്ധമുണ്ടായാൽ അത് ദാഹജലത്തിന് വേണ്ടിയായേക്കാം.**
- **മഴവെള്ളം ഭാവി കുടിവെള്ളം...**
- **അനാവശ്യമായി ജലം പാഴാക്കുമ്പോൾ ഓർക്കുക... ലോകത്ത് ദിനംപ്രതി ദാഹിച്ച് മരണപ്പെടുന്നവർ ആയിരങ്ങളാണ്.**

* **ചിത്രപ്രദർശനം:** ജല സംരക്ഷണത്തിന്റെ പ്രാധാന്യവും അതിനുള്ള ആധുനിക രീതികളും പരിചയപ്പെടുത്തുന്ന തരത്തിലുള്ള ചിത്രപ്രദർശനം നടത്തുക. ( ചില മാതൃകകൾ താഴെ നൽകുന്നു)

ജല സംഭരണി, മഴക്കുഴി, വീട്ടിൽ നടത്താൻ പറ്റുന്ന തരത്തിലുള്ള മലിന ജല ശുദ്ധീകരണ പ്രവർത്തനങ്ങൾ എന്നിവ ഉൾകൊള്ളുന്ന ചിത്രങ്ങൾ.

PTO

*** വാട്ടർ ബഡ്ജറ്റിംഗ് & അവാർഡ്:** വീടുകളിൽ നാം ഒരു ദിവസം ഉപയോഗിക്കുന്ന ജലത്തിന്റെ അളവ് പരിശോധിച്ചിട്ടുണ്ടോ.. ഈ ജല സംരക്ഷണ ക്യാമ്പയിന്റെ ഭാഗമായി നമുക്ക് നമ്മുടെ വീടുകളിൽ ചെയ്യാവുന്ന ഒരു പ്രവർത്തനമാണ് വാട്ടർ ബഡ്ജറ്റിങ്. ഓരോ ദിവസവും വീട്ടിൽ ഉപയോഗിക്കുന്ന വെള്ളത്തിന്റെ അളവ് ഇനം തിരിച്ചു മനസ്സിലാക്കുകയും, അനാവശ്യമായി ഉപയോഗിക്കുന്ന വെള്ളത്തിന്റെ അളവ് പരമാവധി കുറക്കുകയും ചെയ്യുക എന്നതാണ് വാട്ടർ ബഡ്ജറ്റിങ് എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. വിദ്യാർത്ഥികൾക്ക് നൽകുന്ന വാട്ടർ ബഡ്ജറ്റ് ഫോമുകൾ പ്രിന്റ് എടുത്ത് പൂരിപ്പിക്കുകയാണ് ചെയ്യേണ്ടത്. ഇത്തരത്തിൽ പൂരിപ്പിച്ച ഫോമുകൾ യൂണിറ്റുകളിൽ നിന്ന് ക്യാമ്പയിന്റെ അവസാനം ശേഖരിച്ച്, ഏറ്റവും നന്നായി വെള്ളത്തിന്റെ ഉപയോഗം കുറച്ച വിദ്യാർത്ഥിക്ക് അവാർഡ് നൽകാവുന്നതാണ്. ഏറ്റവും കൂടുതൽ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചു കൊണ്ട് ഏറ്റവും കൂടുതൽ വെള്ളം ലാഭിച്ചതായി റിപ്പോർട്ട് ചെയ്യുന്ന യൂണിറ്റുകൾക്ക് സംസ്ഥാന തല അവാർഡും നൽകുന്നതാണ്. വീടുകളിലും മദ്റസകളിലും നൂതനമായ ജല സംരക്ഷണ പ്രവർത്തനങ്ങളും സംഘടിപ്പിക്കാവുന്നതാണ്.കൂടുതൽ വിവരങ്ങൾ സുന്നി ബാലവേദിയുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രദർശിപ്പിക്കുന്നതാണ്.

*** കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് മുൻകാലങ്ങളിൽ ചെയ്തത് പോലെ തണ്ണീർപന്തലുകൾ സ്ഥാപിക്കാവുന്നതാണ്.**

*** പ്രതിജ്ഞ:** മാർച്ച് 22 ലോക ജലദിനത്തോടനുബന്ധിച്ച് രാവിലെ മദ്റസ ആരംഭിക്കുന്നതിന് മുമ്പായി അസംബ്ലി വിളിച്ചുചേർക്കുകയും ഒരധ്യാപകൻ അല്ലെങ്കിൽ വിദ്യാർത്ഥിയെകൊണ്ട് ജലത്തിന്റെ പ്രാധാന്യവും അത് ദുരുപയോഗം ചെയ്താലുള്ള ഭവിഷ്യത്തുകളും മതപരമായും സാമൂഹ്യമായും അതെങ്ങനെ ബാധിക്കുന്നു എന്നിവയും ഉൾകൊള്ളിച്ചുകൊണ്ട് ഹ്രസ്വമായ ഒരു പ്രഭാഷണം നടത്തുകയും തുടർന്ന് താഴെ പറയുന്ന പ്രതിജ്ഞ മദ്റസാ ലീഡർ ചൊല്ലി ക്കൊടുക്കുകയും ചെയ്യേണ്ടതാണ്.

പ്രതിജ്ഞ

**ജലം അല്ലാഹുവിന്റെ അനുഗ്രഹമാണ്. അതിനാൽ ഞാൻ അതിനെ സംരക്ഷിക്കുകയും അതിന്റെ ദുരുപയോഗം തടയാൻ പരിശ്രമിക്കുകയും ചെയ്യും. ജലത്തിന്റെ അമിതമായ ഉപയോഗവും മഴയുടെ കുറവും വനനശീകരണവും മൂലം ജലത്തിന്റെ അളവ് വൻതോതിൽ കുറഞ്ഞു കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ജലസമ്പത്ത് സംരക്ഷിക്കാൻ ഞാൻ പ്രയത്നിക്കുകയും അതിന് എന്നാൽ കഴിയുന്ന സഹായസഹകരണങ്ങൾ നൽകുകയും മറ്റുള്ളവരെ ഉത്ബുദ്ധരാക്കാൻ ശ്രമിക്കുകയും ചെയ്യും. വർധിച്ചതോതിലുള്ള ജലമലിനീകരണവും വന നശീകരണവും പരമാവധി നിയന്ത്രിക്കുവാനും പരിഹരിക്കുവാനും ഉപയോഗത്തിൽ മിതത്വം പാലിക്കുവാനും ഞാൻ പരിശ്രമിക്കും. ലോകജലദിനമാചരിക്കുന്ന ഈ വേളയിൽ അതിന്റെ പ്രാധാന്യത്തെയും ആവശ്യകതയെയും മനസ്സിലാക്കി മേൽപറഞ്ഞ കാര്യങ്ങൾ ഉൾകൊണ്ട് അതനുസരിച്ച് പ്രവർത്തിക്കുമെന്ന് ഞാൻ പ്രതിജ്ഞയെടുക്കുന്നു.**

എന്ന്
ജന. സെക്രട്ടറി (ഒപ്പ്)
SKSBV സംസ്ഥാന കമ്മിറ്റി

ചേളാരി
13-02-2021